**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 513** **08-10-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നിലവിലെ സാമ്പത്തിക സ്ഥിതി സംബന്ധിച്ചുള്ള വിവരങ്ങൾ വിശദമാക്കുമോ; ഓണത്തിന് ശേഷം ട്രഷറിയിൽ കൂടുതൽ നിയന്ത്രണം വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുള്ള നടപടികളുടെ ഭാഗമായി നികുതി വിഹിതത്തിലും വായ്പ അടക്കമുള്ള സർക്കാർ വരവിലും ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. മുൻകാലങ്ങളിലും ഇത് സർക്കാർ സ്വീകരിക്കുന്ന നടപടിക്രമമാണ്. അത്തരം നടപടികൾ മാത്രമേ നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. കൂടാതെ, 5 ലക്ഷത്തിനു മുകളിലുള്ള വിതരണക്കാർ/ കോൺട്രാക്ടർ പേയ്മെന്റുകൾക്ക് നിലവിൽ സർക്കാർ ബി.ഡി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | വിവിധ മേഖലകളിലും വകുപ്പുകളിലും സ്ഥാപനങ്ങൾക്ക് നൽകേണ്ട കുടിശികകൾ സംബന്ധിച്ച കണക്കുകൾ സർക്കാർ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; തിട്ടപ്പെടുത്തിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും വിഭാഗങ്ങൾക്കും നൽകേണ്ട കുടിശ്ശികയും ആനുകൂല്യങ്ങളും സംബന്ധിച്ച ബാധ്യത സർക്കാർ നിലവിൽ കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. |
| (സി) | കരാറുകാർക്ക് നൽകേണ്ട തുകയിൽ എത്ര കുടിശികയുണ്ട് എന്ന് വ്യക്തമാക്കുമോ; ഈ തുക നൽകാത്ത കാരണത്താൽ വിവിധ പ്രവൃത്തികൾ സ്തംഭിക്കുകയും പുതിയത് കരാറുകാർ ഏറ്റെടുക്കാത്ത അവസ്ഥയും നിലവിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | കരാറുകാരുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും കൃത്യമായ സമയക്രമം നിശ്ചയിച്ചുമാണ് തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2024 ജനുവരി മാസം വരെയും ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിൽ 2024 മെയ് മാസം വരെയുമുള്ള ബില്ലുകളുടെ തുക നൽകിയിട്ടുണ്ട്. കൂടാതെ കരാറുകാരുടെ ബില്ലുകൾക്ക് ബി.ഡി.എസ്. സംവിധാനവും നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കേന്ദ്രമാനദണ്ഡ പ്രകാരം ഈ സാമ്പത്തിക വർഷം സംസ്ഥാനത്തിന് എടുക്കാവുന്ന കടം ഇനി എത്രരൂപയാണ് എന്ന് വ്യക്തമാക്കുമോ; | (ഡി) | കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ച നൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 12,50,401 കോടി രൂപയുടെ 3 ശതമാനമായ 37,512 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി. നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ മൂന്ന് പാദത്തേയ്ക്ക് 25,498 കോടി രൂപ മാത്രമേ പൊതു വിപണിയിൽ നിന്ന് കടമെടുക്കാൻ കേന്ദ്ര സർക്കാർ ഇതുവരെ അനുമതി നൽകിയിട്ടുള്ളൂ. ആയത് പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്തിന്റെ ധന പ്രതിസന്ധി പരിഹരിക്കുന്നതിനും വിവിധ കുടിശ്ശികകൾ തീർക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ധനവകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | കേന്ദ്ര സർക്കാർ നടപടികളുടെ ഭാഗമായി വായ്പ ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാരിന്റെ വരുമാനത്തിൽ ഉണ്ടായ ഭീമമായ കുറവ് ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിച്ചിട്ടുണ്ട് എന്നതൊരു യാഥാർത്ഥ്യമാണ്. എന്നാൽ ടി പ്രതികൂല സാഹചര്യം തരണം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ വ്യക്തമായ റോഡ്മാപ്പ് തയ്യാറാക്കി മുമ്പോട്ട് പോയതിനാൽ ശമ്പളം, പെൻഷൻ, വായ്പാ തിരിച്ചടവ് പോലെയുള്ള ദൈനംദിന ചെലവുകൾ ഭംഗം കൂടാതെ നിർവ്വഹിക്കുവാൻ സാധിച്ചിട്ടുണ്ട്. അതേസമയം, ചില മേഖലകളിൽ മേൽ സാമ്പത്തിക ഞെരുക്കം കുടിശ്ശികയ്ക്ക് കാരണമായിരുന്നു. അത്തരം കേസുകളിൽ കുടിശ്ശിക തുക ഘട്ടം ഘട്ടമായി കൊടുത്തു തീർക്കുവാനുള്ള നടപടികളാണ് സർക്കാർ അവലംബിച്ചുപോന്നിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ